(ഡി)&(ഇ) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പല നിർദ്ദേശങ്ങളും ഉണ്ട്. ഇക്കാര്യത്തിൽ അവസാന തീരുമാനം കൈക്കൊണ്ടിട്ടില്ല.

ലോകബാങ്ക് സഹായത്തോടുകൂടിയുള്ള ആരോഗ്യ കുടുംബക്ഷേമ പദ്ധതികൾ

13 (*163)ശ്രീമതി എൻ.കെ. രാധ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. വെങ്ങാന്നൂർ പി. ഭാസ്കരൻ :

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ആരോഗ്യ കുടുംബക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ പദ്ധതിക്കും എന്തുതുക വീതം ലോകബാങ്കിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ശിശു ആരോഗ്യ സംരക്ഷണ പദ്ധതി പ്രകാരം എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ഇ) ഇതിന്റെ ഭാഗമായി ശിശുക്കളുടെ ആരോഗ്യ സംരക്ഷണം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(എഫ്) മാതൃശിശു സംരക്ഷണത്തിനുവേണ്ടി പ്രത്യേകമായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) സംസ്ഥാനത്ത് ലോക ബാങ്കിന്റെ സഹായത്തോടുകൂടി പ്രജനന ശിശു ആരോഗ്യ പരിപാടി എന്ന ഒരു ദേശീയ ആരോഗ്യ പരിപാടി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ദേശീയ തലത്തിൽ എല്ലാ ജില്ലകളിലും, ജില്ലാ തലത്തിൽ കോഴിക്കോട് നഗരത്തിലും, പാലക്കാട് ജില്ലയിലും നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 117.04 കോടി രൂപയാണ്. ഇതിനും പുറമെ, അന്ധതാ നിവാരണം, കുഷ്ഠരോഗ നിവാരണം, ക്ഷയരോഗ നിയന്ത്രണം, മലേറിയ നിയന്ത്രണം മുതലായ പദ്ധതികൾക്കും ലോകബാങ്ക് സഹായം ഉണ്ട്.

(ബി) പദ്ധതി തുടങ്ങിയ 1998 മുതൽ നാളിതുവരെ സംസ്ഥാന പദ്ധതിക്ക് 10.66 കോടി രൂപ ലഭിച്ചിട്ടുണ്ട്. കോഴിക്കോട് (നഗരം) ഉപപദ്ധതിക്കും പാലക്കാട് (ജില്ല) ഉപപദ്ധതിക്കുമായി ഒരുമിച്ചാണ് ധനസഹായം ലഭിക്കുന്നത്. ഈ പദ്ധതികൾക്കായി ഇതുവരെ ആകെ 4.75 കോടി രൂപ ലഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് വഴി നടപ്പിലാക്കുന്ന മറ്റു പദ്ധതികൾക്ക് ലഭിച്ചിട്ടുള്ള തുക യെപ്പറ്റിയുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് നിലവിലുള്ള ആരോഗ്യ കുടുംബക്ഷേമ പരിപാടിയുടെ ഭാഗമായി ലോക ബാങ്കിന്റെ ധനസഹായത്തോടെ പ്രജനന ശിശു

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ പരിപാടി എന്ന പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ 24 മണിക്കൂർ പ്രസവ സേവനങ്ങൾ, ആർ.ടി,ഐ/എസ്.ടി.ഐ ക്ലിനിക്കുകൾ. മരാമത്തു പണികൾ എന്നിവയ്ക്ക് പുറമെ നവജാത ശിശുക്കളുടെ ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ ഇവ വാങ്ങുന്നതിനുള്ള പദ്ധതിയും പ്രജനന ശൈശവ ആരോഗ്യ പരിപാടിയിൽ ഉൾപ്പെടുന്നു.

(ഡി) സംസ്ഥാനത്തെ 14 ജില്ലകളിലും പ്രജനന ശിശു ആരോഗ്യ പദ്ധതി ദേശീയ തലത്തിൽ ഊർജ്ജിതമായി നടപ്പാക്കിവരുന്നു. കൂടാതെ ജില്ലാ തലത്തിൽ പാലക്കാട് ജില്ലയിലും കോഴിക്കോട് നഗരത്തിലും രണ്ട് ഉപ പദ്ധതികളും നടപ്പാക്കിവരുന്നു.

(ഇ) ശിശുക്കളുടെ ആരോഗ്യ സംരക്ഷണരംഗത്തു പൊതുവിലും വിശിഷ്യാ പ്രതിരോധ ചികിത്സാരംഗത്തും ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പ്രകടമായ ഉദാഹരണമാണ് കുറഞ്ഞ ശിശുമരണ നിരക്ക്.

(എഫ്) കുടുംബക്ഷേമ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന പ്രജനന ശിശു ആരോഗ്യ പദ്ധതിയിൽ മുഖ്യമായ പ്രാധാന്യം നൽകിയിട്ടുള്ളത് മാതൃശിശു സംരക്ഷണത്തിനാണ്. ഒരു സ്ത്രീ ഗർഭിണി ആകുന്നതു മുതൽ പ്രസവംവരെയും അതിനുശേഷമുള്ള ആരോഗ്യ സംരക്ഷണവും പ്രജനന ശിശു ആരോഗ്യപരിപാടിയിൽ പ്രത്യേക പ്രാധാന്യം കൊടുത്ത് നടപ്പാക്കി വരുന്നു.

കേന്ദ്രത്തിന് സമർപ്പിച്ച വിനോദസഞ്ചാര വികസനത്തിന് പദ്ധതികൾ

14 (*164)ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിനുവേണ്ടി ഏതെങ്കിലും പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം അംഗീകാരം ലഭിച്ച എത്ര പദ്ധതികൾക്ക് കേന്ദ്രസഹായം ലഭ്യമാക്കുമെന്ന് വിശദീകരിക്കുമോ;

(സി) നടപ്പുവർഷം വിനോദസഞ്ചാര വികസനത്തിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇതുമൂലം വിനോദസഞ്ചാരികളുടെ എണ്ണത്തിലും വരുമാനത്തിലും വർദ്ധനവ് നേടാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

LIBRARY ARCHIVES Kerala Legislative Assembly